നം. എസ്. എ (3) 11274/19

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
തീയതി. 16.04.2019

# സർക്കുലർ

വിഷയം : കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ജീവനക്കാര്യം - ആസ്ഥാന കാര്യാലയത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് - II ഒഴിവ് - തസ്തിക മാറ്റത്തിലൂടെ നിയമനം നടത്തുന്നത് - സംബന്ധിച്ച്.

സൂചന : 01.09.1971 -ലെ ജി.ഒ (എം.എസ്) നമ്പർ 288/71/പി.ഡി നം. സർക്കാർ ഉത്തരവ്.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ആസ്ഥാന കാര്യാലയത്തിലുണ്ടായിരിക്കുന്ന ഒരു കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് - II ഒഴിവിലേയ്ക്ക് നിലവിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ ടൈപ്പിസ്റ്റുമാരിൽ നിന്നും നിശ്ചിത യോഗ്യതയുള്ള ജീവനക്കാരെ 20000-45800 രൂപ ശമ്പള സ്കെയിലിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് - II ആയി സ്ഥാനക്കയറ്റത്തിലൂടെ നിയമനം നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു.

എല്ലാ നിയന്ത്രണ അധികാരികളും താങ്കളുടെ അധികാരപരിധിയിൽ സേവനമനുഷ്ഠിക്കുന്ന ടൈപ്പിസ്റ്റുമാരിൽ ചുവടെ ചേർക്കുന്ന യോഗ്യത നേടിയിട്ടുള്ള കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് - II നിയമനം ആഗ്രഹിക്കുന്ന ജീവനക്കാരിൽ നിന്നും അപേക്ഷ സ്വീകരിച്ച് സൂക്ഷ്മപരിശോധന നടത്തി സാക്ഷ്യപ്പെടുത്തി ശുപാർശ കത്ത് സഹിതം ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

I).
1. എസ്.എസ്.എൽ.സി
2. കെ.ജി.റ്റി.ഇ ടൈപ്പ്റൈറ്റിംഗ് (ഇംഗ്ലീഷ് & മലയാളം) ലോവർ
3. കെ.ജി.റ്റി.ഇ ഷോർട്ട്ഹാന്റ് (ഇംഗ്ലീഷ് & മലയാളം) ലോവർ

4. കമ്പ്യൂട്ടർ വേഡ് പ്രോസസിംഗ് (ലോവർ)

II). 1. പേര്

2. ജനനതീയതി

3. ഈ വകുപ്പിൽ ടൈപ്പിസ്റ്റ് തസ്തികയിൽ നിയമനം നൽകിയ ഉത്തരവ് നമ്പറും തീയതിയും (പകർപ്പ് സഹിതം)

4. സേവനത്തിൽ പ്രവേശിച്ച തീയതി

5. പരിവീക്ഷാകാലം പൂർത്തീകരിച്ച ഉത്തരവ് നമ്പറും തീയതിയും (പകർപ്പ് സഹിതം).

അപേക്ഷയോടൊപ്പം യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സേവനപുസ്തകത്തിലെ ബന്ധപ്പെട്ട പേജുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ 06.05.2019-ന് മുൻപായി ഈ കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്. പ്രസ്തുത തീയതിയ്ക്കുശേഷം ലഭിക്കുന്ന അപേക്ഷകൾ അറിയിപ്പ് കൂടാതെ തന്നെ നിരസിക്കുന്നതാണ്.

(ഒപ്പ്/-)

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

**To:**

എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും, ടൈപ്പിസ്റ്റ് തസ്തിക നിലവിലുള്ള വകുപ്പിലെ ഓഫീസുകളിലേയ്ക്കും

**പകർപ്പ്:**

1. കൃഷി ഡെപ്യൂട്ടി ഡയറക്ടർ (IT Cell) – വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
2. ഈ കാര്യാലയത്തിലെ എല്ലാ ടൈപ്പിസ്റ്റുമാർക്കും
3. എസ്.എ(2) സെക്ഷൻ
4. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എ -യ്ക്ക്
5. സ്റ്റോക്ക് ഫയൽ/സ്പെയർ

SHAJU C.K.
Administrative Assistant
Directorate of Agricultural Development & Farmers Welfare Development
Vikas Bhavan, Thiruvananthapuram

SG – 07.03.19